പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3919 | 21. 06. 2019 ൽ മറുപടിക്ക്

## ഐ.റ്റി.ഐ. ക്വാട്ടയിൽ നിന്ന് അസിസ്റ്റന്റ് എഞ്ചിനീയർ നിയമനം

ചോദ്യം | ഉത്തരം

ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ 2010-ലെ സുരക്ഷാ മാനദണ്ഡങ്ങളുടെ ഭാഗമായി കെ.എസ്.ഇ.ബി.യിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരുടെ 20 ശതമാനം നിയമനം ഐ.റ്റി.ഐ ക്വാട്ടയിൽ നിന്ന് എന്ന തീരുമാനം എടുത്തിട്ടുണ്ടോ ;<br><br>(ബി) തീരുമാനം വൈകുന്നതുകൊണ്ട് നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് സാധിക്കാത്ത സാഹചര്യമുണ്ടോ ;<br><br>(സി) എങ്കിൽ 2021-22 വർഷത്തിൽ ഡിഗ്രി ക്വാട്ടയിൽ ഉണ്ടാകുന്ന ഒഴിവുകൾ ഐ.റ്റി.ഐ.കാർക്ക് നൽകാമെന്ന വ്യവസ്ഥയിൽ ഐ.റ്റി.ഐ. ക്വാട്ടയിൽ നിലവിലുള്ള ഒഴിവുകളിൽ താത്ക്കാലികമായി പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉള്ളവരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (എ), (ബി) & (സി)<br><br>കേരള സർക്കാർ ഉത്തരവ് സ.ഉ.(അച്ചടി) നം.1/2019/ഊ.വ.തീയതി 13.02.2019 പ്രകാരം(ബോർഡ് ഓർഡർ നമ്പർ.ബി.ഒ.(എഫ്.റ്റി.ഡി)നമ്പർ.219/2019 (എസ്റ്റാ.II/6781/-2017/7.3.2019) കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ റഗുലേഷൻ 2010-ലെ6&7 ചട്ടങ്ങളിലെ നിബന്ധനകൾ പ്രാവർത്തികമാക്കുന്നതിൽ നിന്നും കെ.എസ്.ഇ.ബി. ലിമിറ്റഡിലെ നിലവിലെ ജീവനക്കാർക്ക് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ നിലവിൽ ഐ.റ്റി.ഐ. ക്വാട്ടയുടെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ കാര്യവുമായി ബന്ധപ്പെട്ട് തീരുമാനം ഒന്നും തന്നെ ഇപ്പോൾ എടുക്കേണ്ടതില്ല. എന്നാൽ ഈ ഉത്തരവിനെതിരെ നിലവിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന വ്യവഹാരത്തിലെ (WP 6410/2019) ഇടക്കാല ഉത്തരവ് അനുസരിച്ച് സ്റ്റേ നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ തീരുമാനത്തിനു വിധേയമായി ഐ.റ്റി.ഐ ക്വാട്ടയിലെ നിയമനം സംബന്ധിച്ച് തീരുമാനം എടുക്കുന്നതാണ്.<br><br>ഒരു ക്വാട്ടയിലെ ഒഴിവുകളിൽ മറ്റൊരു ക്വാട്ടയിൽ ഉൾപ്പെട്ടവരെ നിയമിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ